# കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം 301 23.06.2014-ൽ മറുപടിയ്ക്ക്

### വനങ്ങളുടെ ജൈവ വൈവിധ്യ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, കെ. ശിവദാസൻ നായർ<br>,, വർക്കല കഹാർ<br>,, ഹൈബി ഈഡൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനങ്ങളുടെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | എ) വനങ്ങളുടെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വനം വന്യജീവി കുറ്റ കൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ, ദേശീയോദ്യാനങ്ങളുടെയും 17 വന്യജീവി സങ്കേതങ്ങളുടെയും സംരക്ഷണവും പരിപാലനവും, ജന പങ്കാളിത്ത പരിപാലനം, വന്യജീവി സങ്കേതങ്ങളിൽ നിന്ന് ആദിവാസികളുടെയും വനഗ്രാമങ്ങളുടെയും സ്വയം സന്നദ്ധ പുനരധിവാസം, ആനത്താരകളുടെ കൂട്ടിയിണക്കൽ, പ്രോജക്ട് ടൈഗർ, പ്രോജക്ട് എലിഫന്റ് എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പ്, ദേശീയോദ്യാനങ്ങൾക്കും വന്യജീവി സങ്കേതങ്ങൾക്കും പുറത്തുള്ള വന്യജീവി ആവാസ വ്യവസ്ഥയുടെ |

പുഷ്ടിപ്പെടുത്തൽ, മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികൾ, വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള വർദ്ധിച്ച തോതിലുള്ള നഷ്ടപരിഹാരം എന്നിങ്ങനെയുള്ള വിവിധ കർമ്മ പരിപാടികളാണ് വനം വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്.

| | |
|---|---|
| ബി) ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് കർമ്മ പരിപാടികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആന്റ് റൂറൽ ഡെവലപ്പ്മെന്റ്, കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആന്റ് പ്ലാനിംഗ് അതോറിറ്റി (CAMPA) ജപ്പാൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി എന്നിവയുടെ സഹായം ലഭ്യമാക്കുന്നുണ്ട്. പരിസ്ഥിതി മേഖലയിലെ സന്നദ്ധ സംഘടനകൾ, കേരള കാർഷിക സർവകലാശാല, കേരള വെറ്ററിനറി സർവകലാശാല, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള ബയോഡൈവേഴ്സിറ്റി |

| | | | |
|---|---|---|---|
| | | | ബോർഡ്, നാഷണൽ ടൈഗർ അതോറിറ്റി, പെരിയാർ, പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകൾ, സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസി തുടങ്ങിയ ഏജൻസികളുടെ സഹായവും ലഭ്യമാക്കിയാണ് കർമ്മ പരിപാടികൾ നടപ്പിലാക്കി വരുന്നത്. ഭാവിയിൽ ലോകബാങ്ക്, യുണൈറ്റഡ് നാഷൻസ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (UNDP) ഗ്ലോബൽ എൻവിറോൺമെന്റ് ഫെസിലിറ്റി (GEF) എന്നീ അന്താരാഷ്ട്ര ധനസഹായ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായവും സഹകരണവും ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| സി) | ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരി ച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | സി) | കർമ്മ പരിപാടികൾ നടപ്പിലാക്കി വരികയാണ്. അതോടൊപ്പം മൂന്നാർ മേഖലയിൽ (UNDP) സഹായത്തോടെ Mountain Landscape Project നടപ്പിലാക്കുന്നതിനും അഗസ്ത്യമല ഭൂപ്രദേശത്ത് ലോകബാങ്ക്, GEF എന്നീ അന്തർ ദേശീയ സ്ഥാപനങ്ങളുടെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും സംയുക്ത |

സംരംഭമായി Biodiversity Conservation and Rural Livelihood Improvement Project നടപ്പിലാക്കുന്നതിനും വിഭാവനം ചെയ്ത് രൂപരേഖ തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ